പാചകവാതക ലോറികൾ മറിഞ്ഞ് വാതകച്ചോർച്ചയുണ്ടായാൽ വാതകം മറ്റു ടാങ്കർ ലോറികളിലേക്ക് മാറ്റാനുള്ള സംവിധാനം

61 (2539) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക ലോറികൾ മറിഞ്ഞ് വാതകച്ചോർച്ചയുണ്ടായാൽ വാതകം മറ്റു ടാങ്കർ ലോറികളിലേക്ക് മാറ്റാൻ സംസ്ഥാനത്ത് നിലവിൽ സംവിധാനമുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) വാതകം മാറ്റുന്നതിനാവശ്യമായ കംപ്രസർ ഘടിപ്പിച്ച എമർജൻസി റെസ്ക്യൂ വെഹിക്കിൾ ഇപ്പോൾ കേരളത്തിൽ ലഭ്യമാണോ ; എങ്കിൽ എവിടെയാണ് ഇവ ഉള്ളത് ;

(സി) നേരത്തെ ഇവ മംഗലാപുരം, കോയമ്പത്തൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് എത്തേണ്ടുന്നതുകാരണം, വാതകം മാറ്റാൻ കഴിയാതെ ജനങ്ങൾ അനുഭവിച്ച ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പരിശോധിച്ചിട്ടുണ്ടോ ;

(ഡി) കരുനാഗപ്പള്ളി-പുത്തൻതെരുവിലേതടക്കം ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഗ്യാസ് ടാങ്കർ അപകടങ്ങൾ സംസ്ഥാനത്തുണ്ടായി ; ഇതിൽ എത്രപേർ മരണപ്പെട്ടു ; എത്രപേർക്ക് ഗുരുതരമായി പരിക്കേറ്റു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) സർക്കാർ ആർക്കെങ്കിലും നഷ്ടപരിഹാരം നൽകുകയുണ്ടായോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പാചകവാതക ലോറികൾ മറിഞ്ഞ് വാതകച്ചോർച്ചയുണ്ടായാൽ വാതകം മറ്റു ടാങ്കർ ലോറികളിലേക്ക് മാറ്റാനായി ഒരു എമർജൻസി റെസ്പോൺസ് വെഹിക്കിൾ (ഇ.ആർ.വി.) കൊച്ചിയിൽ നിലവിലുണ്ട്.

(സി) ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് കൊച്ചിയിൽ എമർജൻസി റെസ്പോൺസ് വെഹിക്കിൾ ലഭ്യമാക്കിയിട്ടുള്ളത്.

(ഡി&ഇ) സംസ്ഥാനത്തുണ്ടായ ഗ്യാസ് ടാങ്കർ അപകടങ്ങൾ സംബന്ധിച്ച് IOC ചീഫ് എൽ.പി.ജി. മാനേജരുടെ റിപ്പോർട്ട് അനുസരിച്ച് കരുനാഗപ്പള്ളി അപകടം കൂടാതെ സംസ്ഥാനത്ത് 10 അപകടവും 4 മരണവും ഉണ്ടായിട്ടുണ്ട്. കരുനാഗപ്പള്ളി ടാങ്കർ ദുരന്തത്തിൽ മരണമടഞ്ഞ 12 പേരിൽ 11 പേരുടെ ആശ്രിതർക്ക് ചുവടെ കാണും പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

1. സംസ്ഥാന സർക്കാർ	–	5,00,000 രൂപ
2. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ	–	5,00,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

3. പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധി	-	1,00,000 രൂപ
ആകെ		11,00,000 രൂപ വീതം

മരണമടഞ്ഞവരിൽ 12-ാമനായ ശ്രീ. ടിങ്കുദാസ് എന്നയാളുടെ ആശ്രിതർക്ക് ആറുലക്ഷം രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പ്രഖ്യാപിച്ച അഞ്ചുലക്ഷം രൂപയുടെ ധനസഹായം ലഭിച്ചിട്ടില്ല. ഗുരുതരമായി പരിക്കേറ്റ ശ്രീ. സജീവ്, പുത്തൻ വീട്ടിൽ കിഴക്കതിൽ, പുന്നക്കുളം എന്നയാൾക്ക് 3,25,000 രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുമുണ്ട്. ഇതിനു പുറമേ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ 50,000 രൂപയും, പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000 രൂപയും അനുവദിച്ചിട്ടുണ്ട്.

ഗുരുതരമായി പരിക്കുപറ്റിയ മറ്റ് പതിനാലു പേർക്കും പുറമെ കാണും പ്രകാരം 1,25,000 രൂപ വീതം നഷ്ട പരിഹാരം നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും	-	25,000 രൂപ
പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും	-	50,000 രൂപ
ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ	-	50,000 രൂപ
ആകെ	-	1,25,000 രൂപ

കൂടാതെ മരണമടഞ്ഞവരുടെ ആശ്രിതരിൽ സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീട് വയ്ക്കാനായി 34 ലക്ഷം രൂപ വീതം നൽകുവാൻ ഉത്തരവായിട്ടുണ്ട്. മരണമടഞ്ഞവരുടെ ആശ്രിതരിൽ SSLC പാസ്സായവരെ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ അസിസ്റ്റന്റ് സെയിൽസ്മാനായി നിയമിക്കാനായി തീരുമാനിക്കുകയും അപേക്ഷകളും രേഖകളും ലഭ്യമാക്കാൻ ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, പോലീസിലും ഫയർഫോഴ്സിലും ജോലിയിലിരുന്ന 24 പേരുടെ ആശ്രിതരുടെ നിയമനം കൂടി ഏകോപിപ്പിച്ച് നടപ്പിലാക്കാൻ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സിവിൽസപ്ലൈസ് കോർപ്പറേഷനിലെ നിയമനങ്ങൾ

62 (2540) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സിവിൽസപ്ലൈസ് കോർപ്പറേഷൻ കമ്പനീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനമാണോ എന്നും, എങ്കിൽ കമ്പനി സെക്രട്ടറിയെ നിയമിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly